'പാഡികോ'യ്ക്ക് ധനസഹായം

38 [3495] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്കാരെ സംരക്ഷിക്കുവാൻ രൂപീകരിച്ച പാലക്കാട് ജില്ലയിലെ 'പാഡികോ' എന്ന സ്ഥാപനത്തിന് ഈ സർക്കാർ എന്തെങ്കിലും ധനസഹായം കൃഷിവകുപ്പിൽനിന്നും നൽകുകയുണ്ടായോ;

(ബി) പാലക്കാട് ജില്ലയിലെ കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർ 'പാഡികോ' എന്ന സ്ഥാപനത്തിന് നെല്ല് സംഭരിക്കുവാൻ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും പ്രസ്തുത തുക ഇതേവരെ നൽകിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തുക കൃഷിവകുപ്പിൽനിന്നും നൽകി പാലക്കാട് ജില്ലയിലെ നെൽക്കൃഷിക്കാരെ സംരക്ഷിക്കുന്ന 'പാഡികോ' എന്ന സ്ഥാപനത്തെ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ല് സംഭരണ പദ്ധതിപ്രകാരം 'പാഡികോ' സംഭരിച്ച നെല്ലിനുള്ള കൈകാര്യച്ചെലവ് നൽകിയിട്ടുണ്ട്. ആർ. എസ്. വി. വൈ. പദ്ധതിപ്രകാരം കളക്ടർ 50 ലക്ഷം രൂപ കൃഷിക്ക് അനുവദിച്ച തുകയിൽനിന്നും കൊടുത്തിട്ടുണ്ട്.

(ബി) & (സി) നെല്ല് സംഭരണ ഏജൻസികൾക്ക് നെല്ല് സംഭരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും കൃഷി വകുപ്പിൽ നിലവിലില്ല. എന്നാൽ ഏജൻസികൾ സംഭരിക്കുന്ന നെല്ലിന് നെല്ല് സംഭരണ പദ്ധതിപ്രകാരം അനുവദനീയമായ കൈകാര്യച്ചെലവ് നൽകുന്നുണ്ട്. 'പാഡികോ' പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എങ്ങനെ സംരക്ഷിക്കുന്നുവെന്ന് ഗവൺമെന്റിന് അറിയില്ല.

മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ

39 [3504] *ശ്രീ. പി. ജെ. ജോയി:*
„ *സി. പി. മുഹമ്മദ്:*
„ *കെ. എ. ചന്ദ്രൻ:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് എത്ര ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആഫീസുകളിലെ സ്റ്റാഫിന്റെ ഘടനെ എന്താണ്;

(സി) ഈ ചെക്ക്പോസ്റ്റുകളുടെ കർത്തവ്യമെന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇക്കഴിഞ്ഞ വർഷം ഈ ചെക്ക് പോസ്റ്റിലൂടെ ഏതെല്ലാം ഇനത്തിൽപ്പെട്ട മൃഗങ്ങളെയും പക്ഷികളെയും സംസ്ഥാനത്തക്ക് കൊണ്ടുവന്നിട്ടുണ്ട്;

(ഇ) ഈ കാലഘട്ടത്തിൽ സംസ്ഥാനത്തേക്ക് കടത്താൻ കൊണ്ടുവന്ന എത്ര മൃഗങ്ങളെയും പക്ഷികളെയും രോഗബാധ ഏറ്റുവെന്ന നിലയിൽ തിരിച്ചയച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പതിനെട്ട് (18).

(ബി) എല്ലാ ചെക്ക്പോസ്റ്റുകളിലും (ഇടുക്കി ജില്ലയിലെ കമ്പമേട് ഒഴികെ) ഫീൽഡ് ആഫീസർ-1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-3, അറ്റന്റന്റ്-2 എന്നീ ക്രമത്തിലും, കൂടാതെ, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും പാലക്കാട് ജില്ലയിലെ വാളയാറും ഓരോ വെറ്ററിനറി സർജന്റെ തസ്തികയും പാറശ്ശാല, മീനാക്ഷിപുരം, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ഓരോ പി. റ്റി. എസ്. തസ്തികയും ഉണ്ട്. ഇടുക്കി ജില്ലയിലെ കമ്പമേട്ടിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ-3, അറ്റന്റന്റ്-3 കാസർഗോഡ് ജില്ലയിലെ പർള എന്ന സ്ഥലത്ത് മറ്റൊരു ചെക്ക് പോസ്റ്റ്കൂടി സ്ഥാപിച്ചിട്ടുണ്ട്.

(സി) അതിർത്തി കടന്ന് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പക്ഷി മൃഗാദികളുടെ രോഗപരിശോധന ചെക്ക്പോസ്റ്റിലൂടെ അകത്തേക്കും പുറത്തേക്കും കൊണ്ടുപോകുന്ന മൃഗപക്ഷികളുടെയും അവയുടെ ഉൽപ്പന്നങ്ങളുടെയും കണക്ക് സൂക്ഷിക്കുക, അനുവദനീയമായതിൽ കൂടുതൽ മൃഗങ്ങളെ വാഹനങ്ങളിൽ കടത്തി വരികയാണെങ്കിൽ ക്രൂരതയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുക, വിവിധ രോഗങ്ങളുടെ പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കുക മുതലായവ.

(ഡി)

പശു & എരുമ	..	4,66,979
ആട്	..	7,833
ആന	..	10
ഒട്ടകം	..	9
കുതിര	..	6
നായ	..	2
പന്നി	..	227
കോഴി	..	63,83,352

(ഇ) 1238 മൃഗങ്ങളെ തിരിച്ചയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly